No/9/2020/SRG/LSGD/CC(2)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് സെക്രട്ടേറിയറ്റിലെ ഡർബാർ ഹാളിൽ വച്ച് നടന്നു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

24.06.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 21 % ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 22.16 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് മലപ്പുറം ജില്ലയിലും (23.19%) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (19.03 ശതമാനം). 82.08കോടി രൂപയുടെ 3223 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 97.74 കോടി രൂപയുടെ 3924 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 18.31% |
| ബ്ലോക്ക് പഞ്ചായത്ത് | 26.24% |
| ജില്ലാ പഞ്ചായത്ത് | 28.09% |
| മുനിസിപ്പാലിറ്റി | 20.77% |
| കോർപ്പറേഷൻ | 16.00% |
| **ആകെ** | 21 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | മലപ്പുറം | 23.19% |
| 2 | വയനാട് | 22.70% |
| 3 | കോഴിക്കോട് | 22.51% |
| 4 | പാലക്കാട് | 22.47% |
| 5 | പത്തനംതിട്ട | 21.6% |
| 6 | കണ്ണൂർ | 21.1% |
| 7 | കാസർഗോഡ് | 21.0% |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 20.86% |
| 9 | ആലപ്പുഴ | 20.57% |
| 10 | ഇടുക്കി | 20.5% |
| 11 | തിരുവനന്തപുരം | 20.11% |
| 12 | കൊല്ലം | 19.69% |
| 13 | കോട്ടയം | 19.06% |
| 14 | എറണാകുളം | 19.03% |

**പൊതു വിഭാഗം, SCP,TSP CFC യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 22.17% | 21.46% | 22.25% | 18.39% |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 2633 | 46.99 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 464 | 13.26 |
| 3) ജില്ലാ പഞ്ചായത്ത് | 266 | 15.01 |
| 4) മുനിസിപ്പാലിറ്റി | 475 | 18.37 |
| 5) കോർപ്പറേഷൻ | 86 | 4.10 |
| **ആകെ** | **3924** | **97.73** |

ബിൽ മാറുന്നതിന് ട്രഷറി നിയന്ത്രണമില്ലാത്ത സാഹചര്യത്തിൽ ബിൽ കൃത്യമായി മാറിയെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ കൂടുതൽ ബിൽ പെന്റിംഗ് ഉണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ബിൽ കൃത്യമായി മാറിയെടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 (3.1)(viii)**

കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് കാലിത്തീറ്റ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണ് പോകേണ്ടത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റിയ്ക്കുള്ള തുക മൃഗ സംരക്ഷണ വകുപ്പിന് കൈമാറാനുള്ള (Deposit) ബിൽ ട്രഷറികളിൽ പാസാക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഇടപെടണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. എന്നാൽ യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടേയും ധന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെയും കൂടി അഭിപ്രായ പ്രകാരം താഴെപ്പറയുന്ന തീരുമാനമെടുത്തു.

മുൻകാലങ്ങളിൽ ചെയ്തതുപോലെ കാലിത്തീറ്റ വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പേരിൽ (ജില്ലാ മൃഗസംരക്ഷണ ഓഫീസർ) സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നതിന് ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു. ഇതിന് ധനവകുപ്പിന്റെ അനുമതിക്കായി ഫയൽ നൽകിയിട്ടുണ്ട്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ധനവകുപ്പ്**

2.2 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

## 2.2(4.9) കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്തും കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി ബാങ്ക് എടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

കേരള ഫീഡ്സിന്റെയടക്കം കാലത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പുതല ഇടപെടൽ ഉണ്ടെന്നും Amul കാലിത്തീറ്റയുടെ വിലയിൽ വകുപ്പിന് ഇടപെടൽ സാധ്യതയില്ലെന്നും 27.05.2020-ലെ യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ അനുമതി പരിഗണിക്കാവുന്നതല്ല എന്നും ഡയറക്ടർ അറിയിച്ചിരുന്നു. കേരള ഫീഡ്സ്, അമൂൽ, വകുപ്പ് മുഖേന ഇപ്പോൾ കേരളത്തിൽ നൽകുന്ന മറ്റു കാലിത്തീറ്റകൾ എന്നിവയുടെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഒപ്പം അമൂൽ കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇന്നത്തെ യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ വിശദാംശങ്ങൾ നൽകിയില്ല. അടുത്ത യോഗത്തിന് മുമ്പ് വിവരങ്ങൾ ഡയറക്ടർ നൽണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

## 2.2(4.12) യോഗ പരിശീലനം

**ശ്രീമതി. രമ്യ.കെ. കുറ്റിപ്പുറത്ത്, കണ്ണൂർ തുടങ്ങി 8 പേർ ബഹു. വിദ്യാഭ്യാസമന്ത്രിക്കു നൽകിയ കത്തുകൾ (SRG 59/20 - LSGD/DA1/35/2019/LSGD)**

അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ Certificate in Yoga Fitness Cource/PG Diploma കോഴ്സ് പൂർത്തിയാക്കിയ യോഗ അദ്ധ്യാപക യോഗ്യതയുള്ളവരാണ്. അംഗീകൃത സർവ്വകലാശാല നൽകുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സ്/ ഡിപ്ലോമ തുടങ്ങിയ കോഴ്സ് പാസ്സായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ റിപ്പോർട്ട് നൽകേണ്ടത് ആയുർവേദ ഡയറക്ടറാണെന്ന് ആയുഷ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയുർവേദ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് അടുത്ത യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് വാങ്ങി നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ആയുർവേദ ഡയറക്ടർ**

2.3 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

## 2.3 (3.2)

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റേയും ഭരണ മികവിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അവാർഡ് നൽകുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷമായി ഇങ്ങനെ നൽകുന്ന തുക പദ്ധതി വിഹിതത്തിന്റെ ശീർഷകത്തിലാണ് നൽകുന്നത്. തുക മിക്കപ്പോഴും നൽകുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ്. പലപ്പോഴും മാർച്ച് 31-നകം ഈ തുക ചെലവഴിക്കാൻ കഴിയില്ല. അതിനാൽ സാമ്പത്തികവർഷം കഴിയുന്നതോടെ തുക ലാപ്സായി പോകും. ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

മുൻ കാലങ്ങളിൽ ഇങ്ങനെയുള്ള അവാർഡ് തുക PD അക്കൗണ്ടിലേക്ക് കൈമാറുന്ന രീതിയായിരുന്നു. ഈ രീതി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ ഒരു വർഷം കൂടി ക്യാരി ഓവറായി വിഹിതം അനുവദിക്കുന്നതോ പരിഗണിക്കണമെന്ന് ധന വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ച പ്രകാരം ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ട്.

**നടപടി - 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) ധന വകുപ്പ്**

## 2.3(4.1) National Institute of Physical Medicine & Rehabiitation

**National Institute of Physical Medicine & Rehabiitation Executitve Director -ന്റെ 23.07.2019-ലെ കത്തും 02.02.2020-ലെ തസ്വഭവ - DA1/339/2019/തസ്വഭവ സർക്കാർ കത്തും ( SRG 363/20)**

തൃശ്ശൂർ കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി പ്രോസ്റ്റെറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ NIPMR-ൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

NIPMR ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്മേൽ ആരോഗ്യ വകുപ്പാണ് അഭിപ്രായം പറയേണ്ടതെന്ന് യോഗത്തിൽ ഹാജരായിരുന്ന സാമൂഹ്യനീതി ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് സാമൂഹ്യനീതി ഡയറക്ടർ തന്നെ നൽകേണ്ടതാണെന്നും NIPMR സാമൂഹ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണെന്നും യോഗം നിരീക്ഷിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർ എന്നിവരുമായി ചർച്ച ചെയ്ത് ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ സാമൂഹ്യനീതി ഡയറക്ടർ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) സാമൂഹ്യനീതി ഡയറക്ടർ**

## 2.3(4.5) എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2020-ലെ ഓൺ ലൈൻ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ഇതേ തീയതിയിലെ തന്നെ 69351/19/CC/DPO/EKM നമ്പർ കത്തും അനുബന്ധ രേഖകളും (SRG 240/20 - CC/722/19)**

എറണാകുളം ജില്ലാ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകാൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനഘ ഷിബു,കരിക്കപ്പുഴ വീട്, ഏഴിക്കര എന്ന കുട്ടി MBBS-ന്(ഒന്നാം വർഷം) റഷ്യയിൽ നോർത്തേൺ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു. കുട്ടിയുടെ കുടുംബ വാർഷിക വരുമാനം 36,000/- രൂപയാണ്. ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. ട്യൂഷൻ ഫീസ്$ 4,500, ഹോസ്റ്റൽ ഫീസ്$ 1000 ഇൻഷുറൻസ് $250 ഫുഡ് $1000. 6 വർഷത്തേയ്ക്ക് 40,500 ഡോളർ. ആകെ വാർഷിക ഫീസ് 6750 ഡോളർ (ഏകദേശം ആകെ 29.00 ലക്ഷം രൂപ.) മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഇത് പരിശോധിച്ച് കില ഡയറക്ടർ റിപ്പോർട്ട് നൽകി

ഈ വിദ്യാർത്ഥി NEET റാങ്കിൽ വളരെ പിന്നിലായതിനാൽ ഇന്ത്യയിൽ പ്രവേശനം ലഭിക്കാൻ സാധ്യതയില്ലായിരുന്നുവെന്നും ഇപ്പോൾ അഡ്മിഷൻ ലഭിച്ച യൂണിവേഴ്സിറ്റിക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുണ്ടെന്നാണ് MCI യുടെ വെബ് സൈറ്റിൽ നിന്നും മനസ്സിലാകുന്നതെന്നും കില ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** കില ഡയറക്ടറുടെ ശുപാർശ പ്രകാരം പ്രതിവർഷം 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3(4.6) കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2019-ലെ കത്ത് (SRG 912/19 CC - 576/19)**

**പ്രോ.നം. 227/20 അടങ്കൽ - 42,00,000/- രൂപ (വികസനഫണ്ട്)**

**പേര് - 2019-20 വേളം ആയഞ്ചേരി - കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ**

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, വേളം - ആയഞ്ചേരി പ്രദേശത്തെ കോൾ നിലങ്ങളിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-08 വർഷം പദ്ധതി തയ്യാറാക്കി. സർക്കാർ അനുമതിയോടെ പ്രവൃത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)-നെ ഏൽപ്പിച്ചു. 2009-ൽ പ്രവൃത്തി പൂർത്തിയാക്കണമെന്നായിരുന്നു KLDC-യുമായി കരാർ. എന്നാൽ പ്രവൃത്തിയുടെ 80 ശതമാനം മാത്രമേ പൂർത്തിയായുള്ളൂ. 2016 മാർച്ച് 31-ന് അവസാനിച്ച CAG ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4.8 പ്രകാരം 'കോൾ' നിലങ്ങളുടെ വികസനത്തിലെ നിഷ് ഫല ചെലവ് എന്നു രേഖപ്പെടുത്തി. ഇത് പിന്നീട് നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് വന്നു. 15.05.2019 ൽ നടന്ന നിയമസഭാ സമിതി യോഗത്തിൽ ഈ

പ്രവൃത്തിയുടെ ബാക്കി നിർമ്മാണം വരും വർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്ന് നിയമസഭാ സമിതി നിർദ്ദേശിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ 1.00 കോടി രൂപ വകയിരുത്തി ബഹു വർഷ പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തു. 2019-20-ൽ 42.00 ലക്ഷവും 2020-21-ൽ 58.00 ലക്ഷവും വകയിരുത്തി ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ തുക KLDCയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ പ്രവൃത്തി കൃത്യസമയത്തു തന്നെ ചെയ്യാമെന്ന് യോഗത്തിൽ ഹാജരായിരുന്ന KLDC ഡയറക്ടർ അറിയിച്ചു. ഇത് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. പ്രവൃത്തിയുടെ 20 ശതമാനം തുക മാത്രമേ അഡ്വാൻസായി നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3(4.11) ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.05.2020-ലെ കത്തും ചെർപ്പുളശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 0303.2020-ലെ PW1/21/2017-ാം നമ്പർ കത്തും 29.07.2019-ലെ 6(6)ാം നമ്പർ കൗൺസിൽ തീരുമാനവും (SRG 342/20/CC/407/2020)**

*പ്രോ.നം : - 378/17* *അടങ്കൽ 3,00,000/- രൂപ*
*(റോഡ് മെയിന്റനൻസ് ഗ്രാന്റ് - 2,50,000/- രൂപ*
*തനത് ഫണ്ട് 50,000/- രൂപ )*

***പേര് - ബസ് സ്റ്റാൻഡ് യാർഡ് റീ ടാറിംഗ്***

2016-17-ൽ ബസ് സ്റ്റാന്റ് യാർഡ് റീടാറിംഗ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് 21.02.2018-ൽ പൂർത്തിയായി. എന്നാൽ 2018-19-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വർഷം ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഇത്രയധികം കാലതാമസം വരുത്തിയത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. ബില്ലും, ചെയ്ത പ്രവൃത്തിയും വിശദമായി പരിശോധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**തീരുമാനം-** ഈ പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരമുള്ള തുക 2,99,970/- രൂപയാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇതനുസരിച്ച് തുക നൽകാനും സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിനും അനുമതി നൽകുന്നു. ഇതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആരായാനും ഉചിത നടപടി സ്വീകരിക്കാനും നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :-1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

## 2.3(4.12 ) ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2020-ലെ കത്തും അനുബന്ധ രേഖകളും. (SRG 302/20 - CC/716/2019)**

*പ്രോ.നം : - 378/17* *അടങ്കൽ 1,03,900/- രൂപ*

*(പഴയ നം: 329/16)* *(തനത് ഫണ്ട് )*

***പേര് :- പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്***

1) 2015-16-ൽ 3.00 ലക്ഷം രൂപ ആകെ അടങ്കലിൽ (മെയിന്റനൻസ് ഗ്രാന്റ്- 1,96,100/-, തനത് ഫണ്ട് 1,03,900/- രൂപ) മുകളിൽ പറഞ്ഞ പ്രവൃത്തി ഏറ്റെടുത്തിരുന്നു. 31.12.2015-ന് പ്രവൃത്തി പൂർത്തിയായി. മെയിന്റനൻസ് ഗ്രാന്റായി ഉൾപ്പെടുത്തിയിരുന്ന 1,96,100/- രൂപ 23.03.2016-ന് കരാറുകാരന് നൽകി. തനത് ഫണ്ട് വിഹിതമായി ഉൾപ്പെടുത്തിയിരുന്ന തുക നൽകിയില്ല. ഇത് നൽകാൻ 2016-17-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അന്നും തുക നൽകിയില്ല. തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. ഇപ്പോൾ ഇത് സ്പിൽഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

പ്രോജക്ട് തയ്യാറാക്കി 2015-16-ൽ തന്നെ പ്രവൃത്തി പൂർത്തിയാക്കുകയും മെയിന്റനൻസ് ഗ്രാന്റ് വിഹിതം കരാറുകാരന് നൽകുകയും ചെയ്തു എങ്കിലും ബാക്കി തുക ഇതുവരെയും നൽകാൻ നടപടി സ്വീകരിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

ബില്ലും ചെയ്ത പ്രവൃത്തിയും വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**തീരുമാനം** -. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താനും തുക നൽകാനും അനുമതി നൽകുന്നു. ഇതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആരായാനും ഉചിത നടപടി സ്വീകരിക്കാനും നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :-1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**2) നഗരകാര്യ ഡയറക്ടർ**

## 2.3(4.16) ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2020-ലെ കത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.20-ലെ A2-592/20-ാം നമ്പർ കത്തും. (SRG 316/20 - CC/337/2020)**

ശ്രീ. അഷറഫ്, പുത്തൻ കണ്ടത്തിൽ എന്നയാൾക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 75,000/- രൂപ ഭവന നിർമ്മാണത്തിന് ലഭിച്ചു. വീട് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നുപോയി. ഇദ്ദേഹം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക പലിശയടക്കം (1,59,854/- രൂപ ) 5.03.2020-ൽ പഞ്ചായത്തിൽ തിരികെ അടച്ചു. നിലവിൽ ഭവനരഹിതനാണ്. ലൈഫ് പദ്ധതി പ്രകാരം ധനസാഹായം നൽകാൻ അനുമതി സംബന്ധിച്ച്. പ്രകൃതിക്ഷോഭത്താൽ തകർന്ന വീടാണെങ്കിൽ എന്തുകൊണ്ടാണ് ഇരട്ടിയിലധികം തുക (പലിശയടക്കം) തിരികെ

അടച്ച എന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് നൽകി.

**തീരുമാനം:-** പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തുക നൽകാൻ അനുമതി നൽകുന്നു. പ്രകൃതിക്ഷോഭത്തിൽ തകർന്ന വീട്ടുടമസ്ഥനിൽ നിന്ന് ലഭിച്ച ധനസഹായം പലിശയടക്കം തിരികെ വാങ്ങിയ നടപടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ജില്ലാ കളക്ടറിൽ നിന്ന് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ വാങ്ങി കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ജില്ലാ കളക്ടർ, ആലപ്പുഴ**
**3) പഞ്ചായത്ത് ഡയറക്ടർ**

2.3(4.34) **കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്**

**കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിംഗ് ഡയറക്ടറുടെ 21.05.2020 -ലെ കാംകോ/MD/GD/മാർക്കറ്റിംഗ് നമ്പർ കത്ത്** (SRG 376/20 )

അഗ്രി ടൂൾ കിറ്റുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാംകോ കാർഷിക ഉപകരണങ്ങൾ വിപണിയിലെത്തിക്കാൻ ഉദ്ദേശിക്കുന്നു. പൊതു വിപണിയിൽ 1586/- രൂപ വിലവരുന്ന ഉപകരണങ്ങൾ 999/- രൂപയ്ക്കും 29,000/- രൂപ വിലവരുന്ന ഉപകരണങ്ങൾ 24,000/-രൂപയ്ക്കുമാണ് വിപണിയിലെത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്

Store Purchase Departmentന്റെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കും. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം ലഭിക്കാൻ കാലതാമസം ഒഴിവാക്കണം. കിറ്റിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കാംകോ വ്യക്തമാക്കി നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) മാനേജിംഗ് ഡയറക്ടർ, കാംകോ**

2.3(4.36) **തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.05.20 ലെ കത്ത്**

(SRG 378 – 120)

തലക്കാട് ഗ്രാമപഞ്ചായത്തിൽ 2020-21-ലെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭ ചേരാതെ ഗ്രാമസഭ ചേർന്നു എന്ന് ജില്ലാ ആസൂത്രണ സമിതിക്കു റിപ്പോർട്ട് നൽകിയ പഞ്ചായത്ത് സെക്രട്ടറിയെ താക്കീതു ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**
**പഞ്ചായത്ത് ഡയറക്ടർ**

## 3. പൊതു വിഷയങ്ങൾ

3.1 അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകുന്നതിനാവശ്യമായ വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തണമെന്ന് നേരത്തെ നിർദ്ദേശിച്ചിരുന്നു. തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശഭരണ

സ്ഥാപനങ്ങൾ ധന വകുപ്പ് അറിയിച്ച പ്രകാരമുള്ള തുക ട്രഷറിയിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്നാണ് അറിയിച്ചിരുന്നത്. ഈ വിഷയം 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തതനുസരിച്ച് ഇനി പറയും പ്രകാരമാണ് തീരുമാനം. ''വികസന ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ഇങ്ങനെ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നവർക്ക് വികസനഫണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാനും തീരുമാനിച്ചു.'' എന്നാൽ ധനവകുപ്പ് ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമാണ് എടുത്തത്.

''അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും അധിക ഓണറേറിയം തുക പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്ന് തന്നെ കുറവു ചെയ്യണം. തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്യാവുന്നതല്ല''.

ധനവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് അങ്കണവാടി ജീവനക്കാരുടെ അധിക ഓണറേറിയം ട്രഷറിയിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടി വന്നാൽ അതിനായി വികസന ഫണ്ടു തന്നെ ഉപയോഗിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.2 സദ്ഭരണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ISO സർട്ടിഫിക്കേഷൻ നേടണമെന്ന് നിർദ്ദേശിച്ചിരുന്നു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും ISO സർട്ടിഫിക്കേഷൻ നേടുന്നതിൽ വേണ്ട പുരോഗതി കൈവരിച്ചിട്ടില്ല. ഇതിനായി കിലയുമായി ചർച്ച ചെയ്ത് അടിയന്തിര നടപടി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഒപ്പം എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും, ISO സർട്ടിഫിക്കറ്റ് ലഭിക്കാൻ ശേഷിക്കുന്ന രണ്ടു ഗ്രാമപഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് ഡയറക്ടറും സ്വീകരിക്കണം. ഇതിന്റെ പുരോഗതി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**
**3) പഞ്ചായത്ത് ഡയറക്ടർ**

3.3 വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ CPRCS മുഖേന ലാപ് ടോപ് വാങ്ങുന്നതിന് വളരെയധികം താമസമുണ്ടാകുന്നു എന്ന് തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കണമെന്നും അല്ലായെങ്കിൽ ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകണമെന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യം യോഗം ചർച്ച ചെയ്തു.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലും സംസ്ഥാനത്തും ലാപ് ടോപിന്റെ ലഭ്യത കുറഞ്ഞു എന്നും വിലയിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും യോഗം വിലയിരുത്തി. ആഗോളതലത്തിലുണ്ടായ ഈ പ്രതിഭാസം മൂലം CPRCS പോർട്ടൽ മുഖേന ലാപ് ടോപ് വാങ്ങുന്നതിനും തടസ്സം ഉണ്ടായിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ് അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ലാപ് ടോപ് കാലതാമസം കൂടാതെ CPRCS മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാനും ഐ.റ്റി. മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടു. ഇത് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാനും ഐ.റ്റി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ഐ.റ്റി. മിഷൻ ഡയറക്ടർ**

**3.4** 12.06.2020-ലെ 1114/20/ലെ തസ്വഭവ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനത്തിന് ലാപ് ടോപ്, കമ്പ്യൂട്ടർ, ടി.വി എന്നിവ വാങ്ങി നൽകാൻ അനുമതി നൽകിയിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനു പകരം ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെടുന്നുണ്ട്. ഇപ്രകാരം ടാബ്, സ്മാർട്ട്ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല എന്ന് നിർദ്ദേശം നൽകുന്നു

**നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**3.5** തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേനയാണ് വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്. ഏപ്രിൽ ആദ്യം സർവ്വേ നടപടികൾ തുടങ്ങി മെയ് മാസത്തോടെ അന്തിമമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഇതു നടന്നില്ല. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഓരോ വകുപ്പുകളും നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഭൗതിക നേട്ടം സർവ്വേയിലൂടെ ശേഖരിച്ച് വിലയിരുത്താനാണ് ഉദ്ദേശിക്കുന്നത്. കൊവിഡ് 19-ന്റെ പശ്ചാത്തലത്തിലും ഈ സർവ്വേ നടത്താൻ കഴിയും എന്ന് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടർ അറിയിച്ചതനുസരിച്ച് ഇതിന്റെ സർവ്വേ നടപടികൾ ജൂലൈയിൽ തന്നെ ആരംഭിച്ച് ജൂലൈയിൽ തന്നെ പൂർത്തിയാക്കാൻ നിർദ്ദേശിക്കുന്നു. ഇതിന് മുന്തിയ പരിഗണന നൽകണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടർ**

**3.6** 29.04.2020-ലെ 794/20/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട വ്യക്തിഗത/കുടുംബ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക ക്രമീകരണം ചെയ്തിട്ടുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭ കൂടാൻ കഴിയില്ലാത്തതിനാലാണ് ഇപ്രകാരം ക്രമീകരണം ചെയ്തത്. വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനത്തിനാവശ്യമായ ലാപ് ടോപ്, കമ്പ്യൂട്ടർ, ടി.വി തുടങ്ങിയവയുടെ വിതരണം അടിയന്തിര സ്വഭാവമുള്ളതിനാൽ ഗ്രാമസഭ കൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു പകരം മുകളിൽ പറഞ്ഞ ഉത്തരവിൽ നിഷ്കർഷിക്കുന്ന നടപടിക്രമം പാലിച്ച് അർഹതയുള്ളവരെ തെരഞ്ഞെടുക്കാവുന്നതാണ്.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.7 കോവിഡുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു.

(19.06.2020 വരെയുള്ള കണക്ക്)

| | | |
|---|---|---|
| 1 | തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആകെ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകളുടെ എണ്ണം | 1165 |
| 2 | ആകെ ഭക്ഷണം നൽകിയവരുടെ എണ്ണം | 95,01,513 |
| 3 | ഇതിൽ സൗജന്യമായി നല്കിയത് (as on 19.06.2020) | 82,11,719 |
| 4 | തദ്ദേശഭരണ സ്ഥാപനങ്ങൾ മോണിട്ടർ ചെയ്യുന്ന (Home & Institution) ഐസൊലേഷനിൽ കഴിഞ്ഞ ആളുകളുടെ എണ്ണം | 6,35,436 |
| 5 | ഐസൊലേഷനിൽ ഒരു ദിവസം കഴിഞ്ഞ ഏറ്റവും കൂടുതൽ ആളുകൾ (എണ്ണം) | 17,849 |
| 6 | ഐസൊലേഷനിൽ ഒരു ദിവസം കഴിഞ്ഞ ഏറ്റവും കുറവ് ആളുകൾ (എണ്ണം) | 817 |
| 7 | കൗൺസിലിംഗ് നൽകിയവരുടെ എണ്ണം | 66,27,315 |

**നടപടി - തദ്ദേശസ്വയംഭരണ ( ഡി.എ ) വകുപ്പ്**

3.8 MBBS-ന് വിദേശത്ത് പഠനത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കോഓർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ ലഭിക്കുന്നുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം വിദേശത്ത് ഉപരി പഠനത്തിന് ധനസഹായം നൽകാൻ അനുമതിയുണ്ട്. എന്നാൽ MBBS ഗ്രാജ്ജുവേഷൻ കോഴസ് ആയതിനാൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് വ്യക്തത കുറവുണ്ട്. പ്രൊഫഷണൽ കോഴ്സ് ആയതിനാൽ വിദേശത്ത് MBBS പഠനത്തിനു പോകുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ അനുമതി നൽകുന്നു.

എന്നാൽ നൽകാവുന്ന ധനസഹായം സംബന്ധിച്ച് വ്യക്തതയില്ല എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഭാവിയിൽ ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ധനസഹായം നൽകിയാൽ മതിയെന്ന് യോഗം തീരുമാനിച്ചു.

1) ഡയറക്ടർ ജനറൽ, കില
2) പട്ടികജാതി വികസന ഡയറക്ടർ
3) പട്ടികവർഗ്ഗ വികസന ഡയറക്ടർ
4) കൺവീനർ, എസ്.ആർ.ജി. - കൺവീനർ

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എസ്.സി./എസ്.റ്റി ഡയറക്ടർമാർ**
**3) ഡയറക്ടർ ജനറൽ, കില**
**4) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

3.9 അങ്കണവാടി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള അധിക ഓണറേറിയം നൽകാത്ത ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടെയം കുടിശ്ശിക വിഹിതം ധനവകുപ്പ് ഉറവിടത്തിൽ നിന്നു കുറവു ചെയ്യാറുണ്ട്. കൂടാതെ കഴിഞ്ഞ വർഷം KSEB, KWA

തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശികയും ഉറവിടത്തിൽ നിന്നു കുറവു ചെയ്തു. അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തെ ബാധിക്കുന്ന രീതിയിൽ ഒറ്റത്തവണയായി കുറവു ചെയ്യുന്നതിനു പകരം ഗഡുക്കളായി കുറവു ചെയ്യുന്ന രീതി അവലംബിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഇപ്രകാരം കുറവു ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിനെ കൂടി അറിയിച്ചു നടപടി സ്വീകരിക്കണമെന്നും ധനവകുപ്പിനോടാവശ്യപ്പെടാനും തീരുമാനിച്ചു.

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

3.10 കോർപ്പറേഷൻ, മുനിസിപ്പൽ പ്രദേശങ്ങളിലെ ഫ്ലാറ്റുകളിലും മറ്റും റസിഡൻസ് അസോസിയേഷനുകളും മറ്റു സമാന സംഘങ്ങളും ഗ്രൂപ്പായി കൃഷി ചെയ്യാറുണ്ട്. ഇത്തരം അസോസിയേഷനും സംഘങ്ങളും കൃഷി ചെയ്യുകയാണെങ്കിൽ നിലവിലെ സബ്സിഡി നിരക്കു പ്രകാരം ഗ്രോ ബാഗ് നൽകാവുന്നതാണ്.

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

3.11 ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച Integrated Local Governance Management System ( ILGMS) കുറ്റമറ്റതാക്കുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ അടിയന്തിരമായി വരുത്തണം. ഇത് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് ഐ.കെ.എം. ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഇൻഫർമേഷൻ കേരള മിഷൻ**

3.12 ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ ആവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും താഴെപ്പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്നവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ. കമ്മിറ്റിയിലെ സാങ്കേതിക വിദഗദ്ധരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

1) ഐ.കെ.എം ഡയറക്ടർ/ ഐ.റ്റി. മിഷൻ ഡയറക്ടർ - കൺവീനർ
2) ഐ.റ്റി. മിഷനിൽ നിന്ന് ഒരു വിദഗ്ദ്ധൻ
3) Indian Institute of Information Technology and Management Kerala (IIITM-K) യിൽ നിന്ന് ഒരു വിദഗ്ദ്ധൻ
4) ഡയറക്ടർ ജനറൽ, കില
5) കൺവീനർ, എസ്.ആർ.ജി.

ഈ കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കാനും റിപ്പോർട്ട് 2 മാസത്തിനകം നൽകണമെന്നും നിർദ്ദേശിച്ചു. ഇതിന്റെ പ്രവർത്തനം കോഓർഡിനേഷൻ കമ്മിറ്റിയിൽ അവലോകനം ചെയ്യുന്നതായിരിക്കും.

**നടപടി -1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്**
**3) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**3.13** നഗരസഭകൾക്കും കോർപ്പറേഷനും കൂടി പ്രയോജനപ്രദമായ രീതിയിൽ ഐ.കെ.എം ന്റെ സോഫ്റ്റ് വെയർ മാറ്റുന്നതിനു നടപടി സ്വീകരിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**3.14** സുഭിക്ഷ കേരളം പദ്ധതിയിൽ പച്ചക്കറിയടക്കം വിവിധ കാർഷിക പ്രവർത്തനം നല്ല പുരോഗതിയിലാണ്. പച്ചക്കറിയ്ക്കും മറ്റും ന്യായമായ വില ഉറപ്പാക്കാനും വിപണന സൗകര്യം ഒരുക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇടപെടണം. ഇതിന് ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) പ്രത്യേകം അവലോകനം നടത്തണം. ഒപ്പം റീജിയണൽ ജോയിന്റ് ഡയറക്ടർ (Municipal Service) നഗര പ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനം അവലോകനം ചെയ്യണം.

**നടപടി 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

**3.15** വിവിധ ജില്ലാ ആസൂത്രണ സമിതികളും പല തദ്ദേശഭരണ സ്ഥാപനങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടും സാധന സാമഗ്രികളുടെ ലഭ്യത കുറവുകൊണ്ടും കോസ്റ്റ് ഇൻഡക്സ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. ഇതിന്മേൽ ധനവകുപ്പ് കൂടി പരിഗണിച്ചാണ് തീരുമാനമെടുക്കേണ്ടത്. ഓരോ ആവശ്യത്തിന്മേലും പ്രത്യേകം തീരുമാനമെടുക്കുക എന്നത് ബുദ്ധിമുട്ടുണ്ടാക്കും. ആയതിനാൽ സംസ്ഥാനത്താകെ നിലനിൽക്കുന്ന ഇത്തരം പ്രശ്നങ്ങൾ പരിശോധിച്ച് ക്രോഡീകരിച്ച് വിശദാംശം തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന ധനവകുപ്പിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകേണ്ടതാണ്.

**നടപടി 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**3.16** തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിലെ ഭരണസമിതിയുടെ കാലത്തെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020-ാം തീയതിയിലെ തീരുമാനപ്രകാരം (ഖണ്ഡിക 3.7) 1.00 ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഒറ്റ നിരക്ക് എന്നത് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താൻ തീരുമാനിച്ചു. ഇതിനായി തനത് ഫണ്ട് ഉപയോഗിക്കണം.

| | | |
|---|---|---|
| (i) ഗ്രാമപഞ്ചായത്ത് | - | 1.00 ലക്ഷം രൂപ |
| (ii) ബ്ലോക്ക് പഞ്ചായത്ത് | - | 2.50 ” |
| (iii) മുനിസിപ്പാലിറ്റി | - | 2.50 ” |
| (iv) ജില്ലാ പഞ്ചായത്ത് | - | 5.00 ” |
| (v) കോർപ്പറേഷൻ | - | 5.00 ” |

നടപടി 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

4. പ്രത്യേക വിഷയങ്ങൾ

====================

## 4.1 കേരള ഫീഡ്സ് ലിമിറ്റഡ്

**കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20.06.2016-ലെ KFL/444/19/IV/L/1383/16-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 08.11.2019-ലെ J1-13611/19-ാം നമ്പർ കത്തും** ( SRG 380/20)

കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു വാങ്ങണമെന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പട്ടികയിൽ കേരള ഫീഡ്സ് ലിമിറ്റഡിനെ ഉൾപ്പെടുത്തണമെന്നും ക്ഷീര കർഷകർക്ക് ധനസഹായം നേരിട്ടു നൽകാതെ കാലിത്തീറ്റയായി തന്നെ നൽകണമെന്ന ആവശ്യം സംബന്ധിച്ചും

**തീരുമാനം :-** കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങുന്നതിന് അനുമതി നൽകുന്നു. കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേനയും മറ്റിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ ഈ നിരക്ക് കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ വിലക്കുറവുള്ളതായിരിക്കണം. ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന നൽകണമെന്നു നിർദ്ദേശിക്കുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.2 ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

**ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2020-ലെ കത്ത്** ( SRG 454/20)

മാർഗ്ഗരേഖ പ്രകാരം കരിമ്പു കൃഷിക്ക് ധനസഹായം നൽകാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇരുപതോളം കർഷകർ കരിമ്പു കൃഷി ഇറക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരിമ്പ് കൃഷി, മൂല്യ വർദ്ധിത ഉല്പന്ന വിപണി എന്നിവയ്ക്ക് പ്രോജക്ട് തയ്യാറാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.3 ശുചിത്വ മിഷൻ

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1.01.2020-ലെ 2471/B1/ 2016/SM നമ്പർ കത്തും 16.03.2020-ലെ 30/DC1/20തസ്വഭവ സർക്കാർ കത്തും (SRG 503/20/ LSGD - DC1/30/20/LSGD)**

ഒ.ഡി.എഫുമായി ബന്ധപ്പെട്ട് ദുർഘട സ്ഥലത്തു നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്ക് യൂണിറ്റ് കോസ്റ്റിന് പുറമെ അധിക സഹായം നൽകുന്നതിന് CSR ഫണ്ട് പല സ്ഥാപനങ്ങളും ശുചിത്വ മിഷന് നൽകിയിരുന്നു. കൊച്ചിൻ ഇന്റർ നാഷണൽ എയർ പോർട്ട് ലിമിറ്റഡ് ( CIAL), കൊച്ചിൻ ഷിപ് യാർഡ്, KSIDC, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ആകെ 5,50,50,000/- രൂപ നൽകിയിരുന്നു. ഇതിൽ 2,25,62,628/- രൂപ ( 1,07,70,992/- രൂപ ശുചിത്വ മിഷൻ ഹെഡ് ഓഫീസിലും 1,17,91,636/- രൂപ വിവിധ ജില്ലാ മിഷനിലും) മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് ശുചിത്വ സന്ദേശം കുട്ടികളിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതി ശുചിത്വ മിഷൻ നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 780 സ്കൂളുകളിലായി 3040 ബിന്നുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന ചെലവ് 2,24,96,000/- രൂപയാണ്. CSR-ൽ മിച്ചമുള്ള തുക ഇതിനുപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സ്കൂളുകളിൽ ഒരു ബിൻ സ്ഥാപിക്കാൻ 7,421 രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിനു പകരം 12 ഇന പരിപാടിയിലെ ടോയിലറ്റുകൾ സ്ഥാപിക്കാനും സ്കൂളുകളിലും ആശുപത്രികളിലും ടോയിലറ്റുകൾ സ്ഥാപിക്കാനും ഉപയോഗിക്കുന്നത് കൂടുതൽ നന്നായിരിക്കും. കൂടാതെ വർഷങ്ങളായി പൊതു സ്ഥലങ്ങളിൽ dumb ചെയ്തിരിക്കുന്ന മാലിന്യം (Legacy waste) സംസ്കരിക്കുന്നതിനും ഈ തുക ഉപയോഗിക്കുന്നത് പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതു കൂടി പരിഗണിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻഎക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ഡയറക്ടർ, ശുചിത്വ മിഷൻ**

## 4.4 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

**എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2019-ലെ സി.6-2242/19-ാം നമ്പർ കത്തും 07.03.2019-ലെ 7(7)-ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG.383/20/ LSGD - DB1/505/2019/LSGD)**

2019 ഓഗസ്റ്റ് മാസത്തിലെ മഴയിൽ പഞ്ചായത്തിലെ താഴെപ്പറയുന്ന രണ്ടുപേരുടെ വീടു തകർന്നുപോയി.

1) ശ്രീ. ഷിബു.കെ.സി, കരിക്കാട്ടിൽ - വാർഡ് 7
2) ശ്രീമതി. ജോളി വർഗ്ഗീസ്,കോന്നാട്ടുപ്ലാക്കൽ - വാർഡ് 8

ഇവരുടെ വീട് താമസയോഗ്യമല്ലാത്തതിനാൽ ഇപ്പോൾ വാടക വീട്ടിലാണ് താമസം. ഇവർക്ക് വീട് വച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രളയത്തിൽ തകർന്നതാകയാൽ SDRF ൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ സാധ്യത കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

## 4.5 കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

**കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാന്റെ 22.01.2020-ലെ കൺസർ/2629/2019/KSBB- നമ്പർ കത്ത് (SRG 504/20/ LSGD - /4200737/2020)**

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (PBR) 2019 ഡിസംബറിൽ പൂർത്തിയായി. ഇത് ഡിജിറ്റലൈസ് ചെയ്യേണ്ടതുണ്ട്. ഇതിനായി ഇ-PBR സോഫ്റ്റ് വെയർ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. PBR ഡിജിറ്റലൈസ് ചെയ്യുന്നതിന് ഈ കാര്യത്തിൽ പ്രാവീണ്യമുള്ള ഒരാളെ 3 മാസത്തേയ്ക്ക് എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിയമിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

ബയോളജിക്കൽ സയൻസിൽ പ്രാവീണ്യമുള്ളവരും മലയാളം, ഇംഗ്ലീഷ് ഡാറ്റാ എൻട്രി അറിയാവുന്നവരും ആണ് വേണ്ടത്. ഇതോടൊപ്പം വെർച്വൽ പരിശീലനം നേടിയ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സഹായവും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉറപ്പു വരുത്തണം. ഈ ആവശ്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ ഇതിനകം നടപടി സ്വീകരിച്ചതിനാൽ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.6 ഉള്ളിയേരി ഗ്രാമപഞ്ചായത്ത്

**ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.2017-ലെ B2/2012/17-ാം നമ്പർ കത്തും ,കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.03.2018-ലെ A9/332/18-ാം നമ്പർ കത്തും (SRG 505/20/ C - 2104547/18/MLSGD ) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.11.2019-ലെ DB4/5380/CE/തസ്വഭവ കത്തും**

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ മാമ്പൊയിൻ - ആക്കു പറമ്പത്ത് അംഗനവാടി റോഡിന് MPLAD യിൽ നിന്ന് 2015-16 ൽ 3.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. 93 മീറ്റർ ദൂരത്തിൽ 3 മീറ്റർ വീതിയിലാണ് റോഡിന് എസ്റ്റിമേറ്റ്

തയ്യാറാക്കി എഗ്രിമെന്റ് വച്ചത്. (ഗുണഭോക്തൃ സമിതി മുഖേന) ബിൽ തുക 2,99,918/- രൂപ. എന്നാൽ എസ്റ്റിമേറ്റിനു പുറമേ 60 മീറ്റർ കൂടി അധികമായി ടാറിംഗ് പ്രവൃത്തി ചെയ്തു. ഇതിന്റെ തുക കൂടി അനുവദിക്കണമെന്ന് ഗുണഭോക്തൃ സമിതി കൺവീനർ 14.07.2017-ന് ആവശ്യപ്പെട്ടു. ഈ തുക കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. അധികമായി ചെയ്ത പ്രവൃത്തിക്ക് DSR 2014 നിരക്കു പ്രകാരം 1,60,754/- രൂപ ചെലവു വരുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിച്ച് 1,60,754/- രൂപ നൽകാൻ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.7 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

### പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്ത് 25.09.2019-ലെ 3/3(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 385/20 - (LSGD - DD1/9/20/LSGD)

നബാർഡ് RIDF XVI പദ്ധതി പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ മാറഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിട നിർമ്മാണത്തിന് 1,83,14,531/- രൂപയ്ക്ക് അനുമതി ലഭിച്ചിരുന്നു. സാങ്കേതികാനുമതി തുകയായ 1,60,25,736/- രൂപയുടെ സിവിൽ വർക്കുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചു. 21.01.2014ൽ എഗ്രിമെന്റ് വച്ചു. കരാർ പ്രകാരം 31.03.2016-ന് നിർമ്മാണം പൂർത്തിയാക്കണമായിരുന്നു. എന്നാൽ 2019 ജനുവരിയിലാണ് നിർമ്മാണം പൂർത്തയാക്കിയത്. ഈ കാലയളവിൽ കരാറുകാരന് പാർട്ട് ബിൽ പ്രകാരം തുക നൽകി. ഇപ്പോൾ ഫൈനൽ ബിൽ തയ്യാറാക്കി. തുക 21.00 ലക്ഷം രൂപ. കരാർ പ്രകാരമുള്ള തീയതിക്കകം പണി പൂർത്തിയാക്കാത്തതിനാൽ നിയമപ്രകാരം പിഴ ഈടാക്കണം. ഇത് ഏകദേശം 61.00 ലക്ഷം രൂപ വരും. ഇത് ഫൈനൽ ബിൽ തുകയെക്കാൾ വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ 18.08.2018-ലെ AC 2/223/2015/ തസ്വഭവ സർക്കുലർ പ്രകാരമുള്ള പുതുക്കിയ നിരക്കിലുള്ള പിഴ ഈടാക്കാനും ഫൈനൽ ബിൽ മാറാനുമുള്ള അനുവാദം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.8 ചടയമംഗലം ഗ്രാമപഞ്ചായത്ത്

### കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.05.2020-ലെ കത്തും ചടയമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.03.2020-ലെ B1-1184/20 -ാം നമ്പർ കത്തും (SRG 287/20 - CC - 394/20)

പഞ്ചായത്തിലെ ഇടയ്ക്കോട് വാർഡിലെ സുജാത ഭവനിൽ പൊന്നമ്മയുടെ വീട് വാസയോഗ്യമല്ല. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് വീടു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ടാർപോളിൻ മൂടിയ വീട്ടിലാണ് അപേക്ഷക താമസിക്കുന്നതെന്നും സ്വന്തമായി വീടു വയ്ക്കാൻ സാമ്പത്തിക

ചുറ്റുപാടില്ലാത്ത ആളാണെന്നും വിധവായണെന്നും ലൈഫ് ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.9 കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 15.06.2020 -ലെ KSDP/MD/F 210/2020/41-ാം നമ്പർ കത്ത് (SRG - 443/20)**

KSDP വിവിധ അലോപ്പതി മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനോടൊപ്പം WHO മാനദണ്ഡ പ്രകാരമുള്ള സാനിറ്റൈസറും SITRA സ്റ്റാൻഡേർഡ് പ്രകാരമുള്ള മാസ്കും ASTM സ്റ്റാൻഡേർഡ് പ്രകാരമുള്ള ഗ്ലൗസും ഉല്പാദിപ്പിക്കുന്നുണ്ട്.ഇവയുടെ വില താഴെ നൽകുന്നു.

| ക്രമ നം | ഉല്പന്നം | വില (ടാക്സടക്കം) |
|---|---|---|
| 1 | 5000ml ഹാൻഡ് സാനിറ്റൈസർ | 1700/- രൂപ |
| 2 | 1000ml ഹാൻഡ് സാനിറ്റൈസർ | 342/- രൂപ |
| 3 | 500ml ഹാൻഡ് സാനിറ്റൈസർ | 173/- ( ഒരു ബോട്ടിലിന്) |
| 4 | 250ml ഹാൻഡ് സാനിറ്റൈസർ | 90/-രൂപ ” |
| 5 | 200ml ഹാൻഡ് സാനിറ്റൈസർ | 70/-രൂപ ” |
| 6 | 100ml ഹാൻഡ് സാനിറ്റൈസർ | 35/-രൂപ ” |
| 7 | 3-പ്ലൈ മാസ്ക് (നോസ് പിൻ ഇല്ലാത്തത്) | 9/-രൂപ ഒരെണ്ണത്തിന് (50 എണ്ണം ഉള്ള പായ്ക്കറ്റ്) |
| 8 | ഗ്ലൗസ് | 18/- രൂപ (ഒരു ജോടിക്ക്) |

ഈ ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് KSDP യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ആർ.എ/ആർ.ബി) വകുപ്പ്**

## 4.10 കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.2020-ലെ കത്തും കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.03.2020-ലെ 2(2) -ാം നമ്പർ തീരുമാനവും (SRG 392/20)**

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ശ്രീ.ശിവാനന്ദൻ, പള്ളേത്ത് എന്ന ഗുണഭോക്താവിന് 2011-12-ൽ വീട് ലഭിച്ചു. സർക്കാർ നിർദ്ദേശ പ്രകാരം 10 വർഷത്തേയ്ക്ക് ഈ വീട് കൈമാറ്റം ചെയ്യുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യില്ലെന്ന് 20.05.2011-ൽ ഗുണഭോക്താവ് കരാർ രജിസ്റ്റർ

ചെയ്തിരുന്നു. ഇപ്പോൾ സാമ്പത്തിക ബാധ്യത കാരണം വീട് വിൽക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് നടപടിയെടുക്കാൻ ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ജില്ലാ കളക്ടർ, ആലപ്പുഴ**

## 4.11 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2020ലെ കത്ത് (SRG 393/20 CC/460/20)**

*പ്രോ.നം. 52/2021* — *അടങ്കൽ 15,00,000/- രൂപ (വികസന ഫണ്ട്)*

***പേര്:- ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂളിന് ഡെമൊൺസ്ട്രേഷൻ ക്ലാസ്സ് റൂം***

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂൾ ആയ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂൾ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലയുടെ കീഴിലുള്ളതാണ്. ഈ സ്കൂളിൽ കമ്പ്യൂട്ടർ ലാബ് കം ഡെമോൺസ്ട്രേഷൻ ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗ്രന്ഥശാലാ സംഘത്തിന്റെ നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.12 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2020ലെ കത്ത് (SRG 394/20 CC/461/20)**

*പ്രോ.നം. 65/2021* — *അടങ്കൽ 10,00,000/- രൂപ (വികസന ഫണ്ട് - 9,00,000/- രൂപ തനത് ഫണ്ട് - 1,00,000/-രൂപ)*

***പേര്:- ഹൈമാസ്റ്റ് സ്ഥാപിക്കൽ***

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ പ്രധാനപ്പെട്ട സെന്ററുകളിൽ ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ വൈദ്യുതി ചാർജ്ജ് അടക്കമുള്ള ആവർത്തന ചെലവ് അതതു ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന കരാർ ഉണ്ടാകണമെന്ന നിബന്ധനയോടെ അനുമതി നല്കുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.13 കരുമല്ലൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.06.2020ലെ കത്തും (2എണ്ണം) കരുമല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.05.2020-ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG-398/20 CC/456/20)**

പഞ്ചായത്തിന്റെ കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങാൻ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് തികയാത്തതിനാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി ലഭിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എറണാകുളം ജില്ലാ പഞ്ചായത്തോ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തോ ഇതിനായി ഫണ്ട് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ പ്രത്യേകാനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.14 ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2020ലെ കത്തും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.06.2020-ലെ A5-985/20(2)-ാം നമ്പർ കത്തും (SRG - 454/20 CC/536/20)**

ഓൺ ലൈൻ പഠനത്തിനായി വിദ്യാർത്ഥികൾക്ക് ആൻഡ്രോയിഡ് ടാബ് വാങ്ങി നൽകുന്നതിന് 2 പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പൊതു വിഭാഗത്തിന് 4.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 7.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.15 എറണാകുളം ജില്ലാ ആസൂത്രണ സമിതി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.06.2020ലെ കത്ത് (2എണ്ണം) കൊച്ചി മേയറുടെ 01.06.2020-ലെ CC PC 16/030321/18-ാം നമ്പർ കത്ത് (SRG - 399/20 CC/478/20)**

മാർഗ്ഗരേഖ പ്രകാരം ഗ്രോ ബാഗ് വ്യക്തിഗത/കുടുംബങ്ങൾക്കാണ് നൽകാവുന്നതാണ്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ ഫ്ലാറ്റുകളിലെ അസോസിയേഷനുകൾ, മറ്റു സമാന സംഘങ്ങൾ തുടങ്ങിയവരും ഗ്രൂപ്പായി കൃഷി ചെയ്യാറുണ്ട്. ഇത്തരം സംഘങ്ങൾക്കും ഗ്രോ ബാഗ് സബ്സിഡി നിരക്കിൽ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കോർപ്പറേഷൻ, മുനിസിപ്പൽ പ്രദേശത്ത് മാത്രമായി ഇതിന് അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.16 തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.06.2020ലെ കത്ത് (2എണ്ണം) (SRG - 400/20 CC/485/20)**

മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ മെഡിക്കൽ ബയോ വേസ്റ്റ് സംസ്കരിക്കുന്നതിന് സംയുക്ത പ്രോജക്ട് തയ്യാറാക്കണമെന്ന് 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കി. ആകെ 270.00 ലക്ഷം രൂപ ജില്ലയിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഈ തുക കൈമാറുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു സംബന്ധിച്ച സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകാമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 06.12.2019-ലെ കോഓർഡിനേഷൻ കമ്മറ്റി യിൽ അറിയിച്ചിരുന്നു. ഇതു കൂടി കണക്കിലെടുത്ത് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററെ ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാൻ തീരുമാനിച്ചു. മെഡിക്കൽ വേസ്റ്റ് സംസ്കരിക്കാനുള്ള പ്ലാന്റിന് കൂടുതൽ സാങ്കേതിക സഹായം ആവശ്യമുള്ള താണ്. ഇതിന്റെ നിർമ്മാണത്തിന് കൂടുതൽ സമയവും ആവശ്യമായി വരും. ഈ സാഹചര്യത്തിൽ ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണ മെന്ന് ധനവകുപ്പിനോടാവശ്യപ്പെടാനും തീരുമാനിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം സ്പെഷ്യൽ റ്റി.എസ്.ബി.യിലേയ്ക്ക് വർഷാരംഭം തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരുമായി ചർച്ച ചെയ്ത് കാലതാമസം കൂടാതെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി നടപടി സ്വീകരിക്കണം.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.17 ശുചിത്വ മിഷൻ

**ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.6.20 ലെ 2398/D/2015/sm നമ്പർ കത്ത് (SRG-506/20)**

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ശുചിത്വമാലിന്യ പദ്ധതികൾ ഭേദഗതി ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതു കൂടാതെ ഇപ്പോൾ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിനു ബുദ്ധിമുട്ടുള്ളതിനാൽ

ഗ്രാമസഭകൂടാതെ 29.04.20 ലെ 794/20/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) സ്പിൽ ഓവർ പ്രോജക്ട്, ജി.ഒ പ്രോജക്ട് എന്നിവ കൂടി ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വാർഷിക പദ്ധതി അന്തിമമാക്കുന്ന അവസരത്തിൽ ശുചിത്വ മേഖലയിലെ പ്രോജക്ടും ഭേദഗതി ചെയ്യാവുന്നതാണ്. ഇത് സമയബന്ധിതമായി തന്നെ പൂർത്തിയാക്കണം.

2) ഗ്രാമസഭ വിളിച്ചു ചേർക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അനുമതി തൽക്കാലം പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.20 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.06.20 ലെ P6/3380/2019-ാം നമ്പർ കത്തും (SRG 466/20 CC/538/20).**

*പ്രോജക്ട് നം. 355/21* *അടങ്കൽ- 66,25,000/- രൂപ (വികസന ഫണ്ട്)*

***പേര്:- വെള്ളത്തുള്ളികൾ - ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ ജലഗുണപരിശോധന ലാബുകൾ.***

(i) ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലും കെമിസ്ട്രി ലാബ് സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലോ സർക്കാർ സ്കൂൾ ഇല്ലാത്ത പക്ഷം അതേ പഞ്ചായത്തിലെ കെമിസ്ട്രി ലാബുള്ള എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിലോ ജലഗുണ പരിശോധനാ ലാബ് സ്ഥാപിക്കാൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി ഒരെണ്ണം എന്ന നിലയിൽ കെമിസ്ട്രി ലാബുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിക്കാൻ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(ii) താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതിയും ആവശ്യപ്പെട്ടിരിക്കുന്നു.

(എ) ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ തെർമൽ സ്കാനർ വാങ്ങി നൽകൽ

**തീരുമാനം :-** നിലവിലുള്ള ഉത്തരവ് പ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

(ബി) ജില്ലയിലെ എല്ലാ ബ്ലോക്കുകളിലേയും കെമിസ്ട്രി ലാബ് സൗകര്യമുള്ള ഓരോ സർക്കാർ കോളേജുകളിലോ സർക്കാർ കോളേജ് ഇല്ലായെങ്കിൽ ഇതേ സൗകര്യമുള്ള എയ്ഡഡ് കോളേജിലോ മണ്ണ് പരിശോധനാ ലാബ് സജ്ജീകരിക്കൽ അനുമതി സംബന്ധിച്ച്

**തീരുമാനം :-** കെമിസ്ട്രി ലാബുള്ള സർക്കാർ കോളേജിൽ മാത്രം ഇതിനുള്ള സൗകര്യം ഒരുക്കാൻ അനുമതി നൽകുന്നു. പ്രോജക്ട് ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് നൽകണം.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.19 താനാളൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2019-ലെ കത്ത് (SRG - 464/20 CC/477/20)**

***പ്രോ.നം.53/2021 അടങ്കൽ 10,00,000/- രൂപ (തനത് ഫണ്ട്)***
***പേര് - ജന്റർ സൗഹൃദ പഞ്ചായത്ത്***

താനാളൂർ ഗ്രാമപഞ്ചായത്തിനെ ജന്റർ സൗഹൃദ പഞ്ചായത്തായി 2018-ൽ പ്രഖ്യാപിച്ചു. ഇതിനെ തുടർന്ന് ജന്റർ റിസോഴ്സ് സെന്റർ (GRC) രൂപീകരിക്കുകയും കോഓർഡിനേറ്ററെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തു. തൊഴിൽ രജിസ്റ്റർ തയ്യാറാക്കൽ, സ്ത്രീകൾക്ക് തൊഴിൽ പരിശീലനം, വിദ്യാലയങ്ങളിൽ ജന്റർ പ്രോട്ടോക്കോൾ തയ്യാറാക്കൽ, വിദ്യാലയ ജാഗ്രതാ സമിതി, പെൺകുട്ടികൾക്ക് കായിക - കലാ പരിശീലനം തുടങ്ങിയവയാണ് പ്രവർത്തനം. മാർഗ്ഗരേഖ പ്രകാരം GRC കൾക്ക് 2.00 ലക്ഷം രൂപയാണ് ചെലവഴിക്കാവുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ പ്രോജക്ടിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന മറ്റു പ്രവർത്തനം കൂടി പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.20 താനാളൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2020-ലെ കത്തും താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.06.20-ലെ A3 - 8084/20-ാംം നമ്പർ കത്തും (SRG -435/20 CC/473/19)**

***പ്രോ.നം.29/2021 അടങ്കൽ 7,00,000/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് - 5.00 ലക്ഷം രൂപ***
***തനത് ഫണ്ട് - 2.00 ലക്ഷം രൂപ)***
***പേര് - സ്നേഹ മരുന്നു വാങ്ങൽ***

പഞ്ചായത്തിലെ നിത്യരോഗികൾക്ക് അവരുടെ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ നൽകുന്ന പദ്ധതിയായ 'സ്നേഹ മരുന്ന് വിതരണം' പദ്ധതി 2007 മുതൽ നടപ്പാക്കുന്നുണ്ട്. 2018-19 -ലെ ഓഡിറ്റ് സമയത്ത് ഇത് സർക്കാർ അനുമതിയോടെ മാത്രമേ നടപ്പാക്കാവൂ എന്നു നിർദ്ദേശിച്ചു പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പിന്നീട് പ്രോജക്ട് തയ്യാറാക്കിയില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ആവശ്യമായ മരുന്ന് പഞ്ചായത്ത് പി.എച്ച്.സി.യിലേയ്ക്ക് വാങ്ങി പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം മരുന്ന് നൽകുന്ന രീതി പാലിക്കേണ്ടതാണ്.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.21 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 17.02.2020-ലെ EG10/119322/15-ാം നമ്പർ കത്ത് (SRG -461/20 LSGD/EW3/93/2020)**

2014-15 ൽ കോർപ്പറേഷനിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റിട്ടയർ ചെയ്ത 4 പേരെ 30,000/- രൂപ ഓണറേറിയം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരിൽ ശ്രീ.രാമകൃഷ്ണൻ.വി എന്നയാളുടെ സേവനം 01.10.2019-ന് അവസാനിച്ചു. ഈ ദിവസം മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഇ. യു) വകുപ്പ്**

## 4.22 കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

**കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 20.02.2020-ലെ KCPCL/ Neera/2020/15-ാം നമ്പർ കത്ത് (SRG 462/20 DB4 - 34/2020/LSGD)**

കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനത്തിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിഗണനയ്ക്കായി കൊല്ലം ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ നിർദ്ദേശിച്ചിരുന്നു. ജില്ലാ ആസൂത്രണസമിതി ശുപാർശ ചെയ്യുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.23 താനാളൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2020-ലെ കത്ത് (SRG 434/20 CC-520/20**

***പ്രോ.നം.13/21*** ***അടങ്കൽ 5,00,000/- രൂപ***
***(തനത് ഫണ്ട്)***

***പേര് :- അറിവകം സമഗ്ര വിദ്യാഭ്യാസ പരിപാടി***

വിദ്യാർത്ഥികളുടെ കായികവും കലാപരവുമായുള്ള വാസനകളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രോജക്ടാണ് അറിവകം സമഗ്ര വിദ്യാഭ്യാസ പരിപാടി. വിദ്യാർത്ഥികൾക്ക് കളിക്കാൻ ഫ്രീ പ്ലേ ഏരിയ സജ്ജീകരിക്കൽ, സൈക്ലിംഗ് അഭ്യസിക്കാൻ സൈക്കിൾ വാങ്ങി നൽകൽ, സൈക്കിൾ ക്ലബ് രൂപീകരിക്കുക, ഗെയിംസ് പരിശീലനം തുടങ്ങിയവയാണ് പ്രവർത്തനം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.24 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20-ലെ കത്ത് ( SRG 497/20 - CC /223/20**

***പ്രോ.നം. 498/20*** ***അടങ്കൽ 15,00,000/- രൂപ***
***(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***

***പേര്:- മാലിന്യം നീക്കം ചെയ്യുന്നതിന് മിനി ടിപ്പർ വാങ്ങൽ***

മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള ടിപ്പർ ലോറിയും രണ്ട് ചെറു വാഹനങ്ങളും കാലപ്പഴക്കം കാരണം ഇനി അറ്റകുറ്റപ്പണി ചെയ്യാവുന്നതല്ലാത്തതിനാൽ നടപടിക്രമം പാലിച്ച് ലേലം ചെയ്തു. പുതിയ വാഹനം വാങ്ങാനുള്ള പ്രോജക്ടിന് കഴിഞ്ഞ വർഷം ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഈ വർഷം ഈ പ്രോജക്ട് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാനദണ്ഡ പ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.25 പി.എം.എ.വൈ

**ഗ്രാമവികസന കമ്മീഷണറുടെ 18.06.2020-ലെ 14036/ H & T1/18/ CRD നമ്പർ കത്ത് ( SRG 508/20)**

PMAY(G) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾ ഉണ്ട്. ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ നിന്നും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്ക് നേരിട്ട് ഭൂമി വാങ്ങി നൽകുന്നതിന് അനുമതിയുണ്ട്. അതേപോലെ PMAY (G) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാത്ത 6656 ഗുണഭോക്താക്കൾക്കു കൂടി ഭൂമി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.26 വൈക്കം ബ്ലോക്ക് പഞ്ചായത്ത്

**വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.06.2020-ലെ കത്ത് (SRG 403/20)**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വെച്ചൂർ, തലയാഴം, ടി.വി.പുരം, ഉദയനാപുരം, മറവൻ തുരുത്ത്, ചെമ്പ് എന്നീ പഞ്ചായത്തുകളിലെ റോഡു നിർമ്മാണത്തിലെ ഒരു പ്രധാന ഘടകം മണ്ണടിച്ച് റോഡ് ഉയർത്തലാണ്. ഇതിനാവശ്യമായ മണ്ണ് എറണാകുളം ജില്ലയിൽ നിന്നും കിഴക്കൻ ജില്ലയിൽ നിന്നുമാണ് എത്തിക്കുന്നത്. സർക്കാർ ഇതിന് അനുവദിച്ചിരിക്കുന്നത് ക്യൂബിക് മീറ്ററിന് 429/- രൂപയാണ്. എന്നാൽ സൈറ്റിൽ മണ്ണെത്തിക്കുന്നതിന് ക്യൂബിക് മീറ്ററിന് 750/- രൂപ മുതൽ 800/- രൂപവരെയാകും. ഇതനുസരിച്ച് നിരക്ക് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മറ്റു ജില്ലകളിൽ നിന്നു കൂടി ലഭിച്ച ഇത്തരം വിഷയങ്ങൾ ക്രോഡീകരിച്ച് ഇതു കൂടി ഉൾപ്പെടുത്തി അനുമതിക്കായി ധനവകുപ്പിന് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.27 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20-ലെ കത്തും (2 എണ്ണം) 26.05.20-ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനവും ( SRG 472/20 - CC/497/20)**

***(1) പ്രോ.നം. 45/21 അടങ്കൽ - 13,50,000/- രൂപ (വികസനഫണ്ട്)***

***പേര് - പരപ്പ ഡിവിഷൻ അയ്മനം ഗ്രാമപഞ്ചായത്ത് മാഞ്ചിറമൂട് പാടശേഖര സമിതി പാടശേഖരത്തിൽ വെർട്ടിക്കിൾ ആക്സിയൽ ഫ്ലോ പമ്പ്***

അയ്മനം ഗ്രാമപഞ്ചായത്തിൽ മാഞ്ചിറമൂട് പാടശേഖരത്തിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് വാങ്ങി നൽകാനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല.100 ശതമാനം സബ്സിഡിയോടെ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് നൽകാൻ പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

*(2) പ്രോ.നം. 53/21* *അടങ്കൽ - 15,50,000/- രൂപ*
*(വികസനഫണ്ട്)*

***പേര് - കരിപ്പൂത്തട്ട് ഡിവിഷൻ ആർപ്പൂക്കര പഞ്ചായത്ത് ചൂരത്ര നടുവിലേക്കര പാടശേഖരത്തിന് വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്***

ആർപ്പൂക്കര പഞ്ചായത്ത് ചൂരത്ര നടുവിലേക്കര പാടശേഖരത്തിന് വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് നൽകാൻ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. 100 ശതമാനമാണ് സബ്സിഡി. ഈ പ്രോജക്ടിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.28 ഒക്കൽ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.06.2020-ലെ കത്തും ഒക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2020-ലെ A1 - 168/20-ാം നമ്പർ കത്തും (SRG 415/20 - CC 496/20)**

*പ്രോ.നം. 87/21* *അടങ്കൽ 18,25,000/- രൂപ*
*(തനത് ഫണ്ട്)*

***പേര് - പി.എച്ച്.സി. ക്ക് ദുരന്ത നിവാരണ ആംബുലൻസും മൊബൈൽ ഫ്രീസറും***

പഞ്ചായത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആംബുലൻസും മൊബൈൽ ഫ്രീസറും വാങ്ങാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ ആവർത്തന ചെലവ്, വരവ്, പ്രവർത്തനം എങ്ങനെയാണ് തുടങ്ങിയവ വ്യക്തമാക്കി പ്രോജക്ടിൽ ഉൾപ്പെടുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന നൽകണം.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.29 ഒക്കൽ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.06.2020-ലെ കത്തും ഒക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2020-ലെ A1 - 168/20-ാം നമ്പർ കത്തും (SRG 416/20 - CC 495/20)**

*പ്രോ.നം. 53/21* *അടങ്കൽ 25,00,000/- രൂപ*
*(തനത് ഫണ്ട് - 10,00,000/- രൂപ*
*ബ്ലോക്ക് വിഹിതം - 15,00,000/- രൂപ )*

***പേര് - ഫ്ലോട്ടിംഗ് ജെ.സി.ബി***

ദുരന്ത നിവാരണ പരിപാടിയുടെ ഭാഗമായി പഞ്ചാത്തിന് ഫ്ലോട്ടിംഗ് ജെ.സി.ബി. വാങ്ങാനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകണം. റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക്

പിന്നീട് പരിഗണിക്കും.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.30 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2020-ലെ കത്ത് (SRG 501/20 - CC 542/20)**

***പ്രോ.നം. 859/21*** ***അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - ജില്ലാ പഞ്ചായത്ത് വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ***

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ കാലഘട്ടത്തിലെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്താനുള്ള പ്രോജക്ടിന് 5.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സർക്കാർ നിർദ്ദേശ പ്രകാരം 1.00 ലക്ഷം രൂപയാണ് വകയിരുത്താവുന്നത്. 5.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.16 പ്രകാരം അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.31 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2020-ലെ കത്ത് (SRG 507/20)**

അഗളി ഗ്രാമപഞ്ചായത്തിലെ ഭൂതി വഴി ഊരിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഇരുള വിഭാഗത്തിൽപ്പെട്ട 11 കുടുംബങ്ങൾക്ക് 2015-16 വർഷം ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് അനുവദിച്ചിരുന്നു. ഇതിൽ 3 കുടുംബത്തിന് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകി. 8 കുടുംബത്തിന് 2015-16-ൽ ആദ്യ ഗഡുക്കൾ നൽകിയെങ്കിലും വീട് നിർമ്മാണം പൂർത്തിയായില്ല. നിർമ്മാണം പൂർത്തീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് അനുസരിച്ച് താഴെപ്പറയും പ്രകാരം തുക വേണം .

ഗുണഭോക്താക്കൾ

| | |
|---|---|
| 1. പാപ്പാൾ w/o ഉകിലൻ | 99,269/- രൂപ |
| 2. മീനാക്ഷി D/o രങ്കൻ | 97,572/- രൂപ |
| 3. ദേവി w/o മരുതൻ | 98,299/- രൂപ |
| 4. രാജമ്മ w/o പൊന്നൻ | 99,026/- രൂപ |
| 5. രേശി w/o മണി | 98,287/- രൂപ |
| 6. വനജ w/o രവി | 99,046/- രൂപ |
| 7. മീനാക്ഷി w/o വെള്ളിങ്കിരി | 98,307/- രൂപ |
| 8. രാജേശ്വരി w/o മുരുകൻ | 99,046/- രൂപ |
| **ആകെ** | **7,88,852/- രൂപ** |

ഈ തുക ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകാൻ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണത്തിന് തുക തികയാതെ വന്നാൽ ആവശ്യമായ അധിക തുക ഉപയോഗിക്കേണ്ടതാണ്. തുക ഗുണഭോക്താവിനു നൽകാതെ വാസയോഗ്യമായ വീട് തദ്ദേശഭരണ സ്ഥാപനം നിർമ്മിച്ചു നൽകണം. ഇതിൽ കാലതാമസമുണ്ടാകരുത്. ഇത് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മോണിട്ടർ ചെയ്യണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.32 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2020-ലെ കത്തും (14 എണ്ണം) ബ്ലോക്ക് പഞ്ചായത്തിന്റെ 22.04.20-ലെ 2(1) -ാം നമ്പർ ഭരണ സമിതി തീരുമാനവും ( SRG 475/20 476/20, 477/20, 478/20, 479/20,480/20, 481/20, 482/20, 484/20,485/20,486/20,488/20,489/20)**

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 14 പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട ഈ പ്രോജക്ടുകളുടെ തുക ഗ്രാമപഞ്ചായത്തിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. ആകെ അടങ്കൽ 5.00 ലക്ഷം രൂപയിൽ കുറവായതിനാൽ ജില്ലാ ആസൂത്രണ സമിതി ഇവയ്ക്ക് അംഗീകാരം നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്. പ്രോജക്ട് വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ.നം | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 14/21 | ചേനപ്പാടി ഡിവിഷൻ 22-ാം വാർഡ് മട്ടന്നൂർക്കര രാജൻഗിരി കോളനി റോഡ് കോൺക്രീറ്റിംഗ് ( ബ്ലോക്ക് വിഹിതം) | 2,00,000 |
| 2 | 17/21 | മുണ്ടക്കയം ബായി കോളനി കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 1,50,000 |
| 3 | 20/21 | മണിമല ഗ്രാമപഞ്ചായത്ത് വാർഡ് 4 മണ്ണനാൽപ്പടി കൊന്നംകുളം റോഡ് കോൺക്രീറ്റിംഗ് ( ബ്ലോക്ക് വിഹിതം) | 2,75,000 |
| 4 | 21/21 | മണിമല ഗ്രാമപഞ്ചായത്ത് പി.എം.ജി.എസ് വൈ. കറിക്കാട്ടൂർ ചെറുവള്ളി റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 2,25,000 |
| 5 | 23/21 | കോരുത്തോട് ഗ്രാമപഞ്ചായത്ത് മുക്കയം ബ്ലോക്ക് പൊട്ടൻകുളം റോഡ് കോൺക്രീറ്റിംഗ് ( ബ്ലോക്ക് വിഹിതം) | 3,00,000 |

| | | | |
|---|---|---|---|
| 6 | 24/21 | കോരുത്തോട് ഗ്രാമപഞ്ചായത്ത് കൊമ്പുകുത്തി ഈറ്റപ്പാലം കുഴി തോടിനു കുറുകെ കലുങ്ക് നിർമ്മാണം (ബ്ലോക്ക് വിഹിതം) | 2,00,000 |
| 7 | 27/21 | എരുമേലി ആനക്കല്ല് റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 1,50,000 |
| 8 | 29/21 | എരുമേലി റോട്ടറി ക്ലബ് പെൻഷൻ ഭവൻ റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം | 1,50,000 |
| 9 | 30/21 | ആസാദ്പടി ഗവ.ആശുപത്രി റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 2,00,000 |
| 10 | 32/21 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ് 2 തുമ്പമട റോഡ് പുനരുദ്ധാരണം (ബ്ലോക്ക് വിഹിതം) | 2,00,000 |
| 11 | 33/21 | പാറത്തോട് ഗ്രാമപഞ്ചായത്ത് വാർഡ് 17 കോഴിപ്പള്ളി കല്ലുമ്പള്ളി റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 2,00,000 |
| 12 | 35/21 | ഏന്തയാർ കപ്ലീയാങ്കൽ റോഡ് കോൺക്രീറ്റിംഗ് ( ബ്ലോക്ക് വിഹിതം) | 2,50,000 |
| 13 | 88/21 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പൈങ്ങണ ഓട്ടു കുന്നേൽ റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 1,00,000 |
| 14 | 89/21 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നെന്മേനി കുമ്പളന്താനം 15 ഏക്കർ റോഡ് കോൺക്രീറ്റിംഗ് (ബ്ലോക്ക് വിഹിതം) | 2,50,000 |

**തീരുമാനം :-** ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.33 കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്

**കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO) മാനേജിംഗ് ഡയറക്ടറുടെ 16.06.2020-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ലെ തീരുമാനം (SRG 509 /20)**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ലെ തീരുമാനപ്രകാരം (ഖണ്ഡിക 4.20) തദ്ദേശഭരണസ്ഥാപനങ്ങളിൽ പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. ഒരെണ്ണത്തിന് നിശ്ചയിച്ചിരിക്കുന്ന വില 1250/- രൂപയായിരുന്നു. എന്നാൽ ഇതിൽ 18 ശതമാനം GST ഉൾപ്പെടുത്തിയിരുന്നില്ലെന്നും അതു കൂടി ഉൾപ്പെടുത്തി 1475/- രൂപ വില നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നികുതിയടക്കം 1475/- രൂപ വില നിശ്ചയിക്കാൻ അനുമതി നൽകുന്നു. ഇതനുസരിച്ച് 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഭേദഗതി ചെയ്യുന്നു,

**നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.34 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20-ലെ കത്ത് (SRG/468 cc/537/20)**

***പ്രോ.നം. 902/21*** ***അടങ്കൽ 1,00,00,000/- രൂപ (വികസനഫണ്ട്)***

***പേര് - ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന (സർക്കാർ എയ്ഡഡ് സ്കൂളുകൾ) കുട്ടികൾക്ക് ഓൺ ലൈൻ പഠനോപോധികൾ ("ദേവിക സാന്ത്വനം")***

ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് , TV, ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാൻ "ദേവിക സാന്ത്വനം" എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.35 പാലക്കാട് ജില്ലാ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.20-ലെ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.20-ലെ P3/2231/2018-ാം നമ്പർ കത്തും (SRG/424/20)**

***പ്രോ.നം. 840/20*** ***അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - ജില്ലാ പഞ്ചായത്ത് നിർമ്മിച്ച അഭിമാനിനി സിനിമയ്ക്ക് അധിക തുക നൽകൽ***

പാലക്കാട് ജില്ലാ പഞ്ചായത്ത് 2018-19-ൽ അഭിമാനിനി എന്ന സിനിമ നിർമ്മിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. പ്രോ.നം. 729/2019. അടങ്കൽ 20.00 ലക്ഷം രൂപ. എഗ്രിമെന്റ് കാലാവധിക്കകം സിനിമ പൂർത്തിയാക്കി. നിർമ്മാണ ചെലവ് വർദ്ധിച്ചതിനാൽ 5.00 ലക്ഷം രൂപ കൂടി അധികമായി നൽകണമെന്ന് സംവിധായകനായ ശ്രീ. എം.ജി. ശശി ആവശ്യപ്പെട്ടു. ഇതനുസരിച്ച് അധികമായി 5.00 ലക്ഷം രൂപ കൂടി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.36 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.06.20-ലെ കത്തും 23.03.2020-ലെ 10(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/422/20 CC 462/20)**

2017-18-ൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന മുറി എന്ന പദ്ധതി പ്രകാരം ശ്രീമതി. ദിവ്യ.എസ്, സുരേഷ് ഭവനം, ഉവയൂർ തെക്ക് , ശ്രീ. ദിനേഷ്, സുരേഷ് ഭവനം, മണ്ണടി എന്നിവർക്ക് ഒന്നാം ഗഡുവായ 50,000/- രൂപ വീതം നൽകി. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയില്ല. 2018-19-ൽ പഠന മുറിക്ക് നൽകാവുന്ന തുക 2.00 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഇത് പരിഗണിച്ച് മുകളിൽ പറഞ്ഞ രണ്ടു ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 2.00 ലക്ഷം രൂപയുടെ ആനുപാതിക വിഹിതം അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിനകം നൽകിയ 50,000/- രൂപ ഉപയോഗിച്ച് എന്തു നിർമ്മാണം നടത്തിയെന്ന് പരിശോധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് സഹിതം നൽകണം. ഇതു കൂടി ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.37 നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.20-ലെ കത്തും നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.03.2020-ലെ 8(1), 8(2) എന്നീ നമ്പരുകളിലായുള്ള തീരുമാനങ്ങളും (SRG/425/20 CC 494/20)**

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്നവർക്ക് ധനസഹായം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

| | |
|---|---|
| (i) ശ്രീമതി. ജയന്തി w/o ഗംഗാധരൻ, കേണംപുള്ളി | 1) ലൈഫ് രണ്ടാം ഘട്ട ലിസ്റ്റിൽ ഉണ്ടായിരുന്നു. എന്നാൽ കുടുംബ റേഷൻ കാർഡിലാണ് പേര് ഉൾപ്പെട്ടിരിക്കുന്നത്. അതിനാൽ അർഹതാ ലിസ്റ്റിൽ ഇല്ല.<br>2) ഇവർ വൃക്ക രോഗിയും ആഴ്ചയിൽ 3 പ്രാവശ്യം ഡയാലിസിസ് നടത്തുന്ന വരുമാണ്. |
| (ii) ശ്രീമതി. ചന്ദ്രിക w/o വിശ്വനാഥൻ, വെളിയമ്പളം | 1) ലൈഫ് ലിസ്റ്റിൽ ഇല്ല.<br>2) അപേക്ഷകയുടെ വൃക്ക മാറ്റി വച്ചതാണ്. മകളുടെ വൃക്കയും തകരാറിലാണ്. ഭർത്താവ് തളർവാതം വന്ന് കിടപ്പിലാണ് |
| (iii) ശ്രീമതി. ശകുന്തള w/o കൃഷ്ണൻ (Late), തെക്കും മുറി | 1) ലൈഫ് ലിസ്റ്റിൽ ഇല്ല.<br>2) ശകുന്തളയുടെ ഭർത്താവ് എയ്ഡ്സ് രോഗം വന്ന് മരണപ്പെട്ടു.<br>3) മകൾ രോഗിയാണ് |

**തീരുമാനം :-** ഈ കുടുംബങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രത്യേകാനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.38 അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.20-ലെ കത്തും അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.05.20-ലെ A3/2651/20-ാം നമ്പർ കത്തും. (SRG/433/20 CC 466/20)**

***പ്രോ.നം. 281/21 അടങ്കൽ 6,00,000/-രൂപ (എസ്.സി.പി)***

***പേര് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

കഴിഞ്ഞ വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. 13.01.2020-ൽ 26 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാനുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും മാറിയില്ല. 31.03.2020 വരെയും ബിൽ മാറാത്തതിനാൽ ബിൽ ക്യാൻസൽ ചെയ്തു. 26 വിദ്യാർത്ഥികളിൽ 6 പേർ അവസാന വർഷം ബിരുദ വിദ്യാർത്ഥികളായിരുന്നു. ഇവർക്ക് (അവസാന വർഷ വിദ്യാർത്ഥി കളായിരുന്നവർ) ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :** അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.39 കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.20-ലെ കത്ത്(SRG/437/20 CC 367/20)**

***പ്രോ.നം. 252/20 അടങ്കൽ 1,20,000/-രൂപ (തനത് ഫണ്ട്)***

***പേര് - അഷ്ടമിച്ചിറ - വൈന്തല - PWD റോഡ് സർവ്വേ നടത്തുന്നതിനുള്ള തുക***

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലൂടെ നടന്നുപോകുന്ന അഷ്ടമിച്ചിറ വൈന്തല അന്നമനട PWD റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള പ്രോജക്ട്. സർവ്വേ നടത്തുന്നതിന് ഫണ്ട് ലഭ്യമല്ല എന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അറിയിച്ച പ്രകാരമാണ് പഞ്ചായത്ത് തുക വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ ഭരണ സമിതി തീരുമാന മെടുത്തിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നല്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

## 4.40 കുഴൂർ ഗ്രാമ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.20-ലെ കത്തും കുഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2020-ലെ 2(1)-ാം നമ്പർ തീരുമാനവും**

***പ്രോ.നം. 226 /21 അടങ്കൽ 4,95,000/-രൂപ (തനത് ഫണ്ട്)***

***പേര് - ദുരന്ത നിവാരണം - ഫൈബർ ബോട്ടു വാങ്ങൽ***

2018, 2019 വർഷങ്ങളിലെ കാലവർഷത്തിൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിനടിയിലായി. അടിയന്തിര സാഹചര്യത്തിൽ ജനങ്ങളുടെ ജീവൻരക്ഷയുടെ ഭാഗമായി ഫൈബർ ബോട്ടുകൾ വാങ്ങാനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രളയ സമയത്ത് ദുരന്ത നിവാരണത്തിന്റെ ഭാഗമായി മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൂടി ഇവ നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.41 പെരുമ്പളം ഗ്രാമ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.20-ലെ കത്ത്(SRG/401/20 CC 451/20)**

പെരുമ്പളം ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. നിർമ്മാണ പ്രവർത്തനത്തിനും മറ്റും സാധന സാമഗ്രികൾ ജങ്കാറിൽ ആണ് എത്തിക്കുന്നത്. ആലപ്പുഴ ജില്ലയിൽ മൊത്തമായിട്ടുള്ള കോസ്റ്റ് ഇൻഡക്സാണ് ഈ പഞ്ചായത്തിനും അനുവദിച്ചിരിക്കുന്നത്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ സായി പുന്നമട കോസ്റ്റ് ഇൻഡക്സ് ഈ പഞ്ചായത്തിനും ബാധകമാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ തദ്ദേശസ്വയം ഭണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.42 ഏഴംകുളം ഗ്രാമ പഞ്ചായത്ത്

**ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.03.2020-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 14.02.2020-ലെ 16(15)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG - 510/20)**

*പ്രോ.നം. 262/2015 അടങ്കൽ 5,00,000/- രൂപ (വികസനഫണ്ട്)*

*പേര്:- അയണിക്കാമുകൾ ഗ്രാമസഭാ മന്ദിരം നിർമ്മാണം*

പഞ്ചായത്തിൽ 5-ാം വാർഡിൽ പ്ലാന്റേഷൻ മുക്കിലെ KIP വക സ്ഥലത്ത് 2014-15 വർഷം അയണിക്കാമുകൾ ഗ്രാമസഭാ മന്ദിര കേന്ദ്രം നിർമ്മാണം എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചിരുന്നു. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന പ്രവൃത്തി 2015ൽ പൂർത്തിയാക്കി. ഗ്രാമകേന്ദ്രം നിർമ്മിച്ചത് KIP വക കനാൽ പുറമ്പോക്ക് സ്ഥലത്തായിരുന്നു. അതിനാൽ 2015-16, 2016-17 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുക നൽകിയില്ല. 2018-19-ൽ മുകളിൽ പറഞ്ഞ പുറമ്പോക്കായ 5 സെന്റ് സ്ഥലം കമ്പോള വിലയായ 2,34,825/- രൂപ റവന്യൂ വകുപ്പിനു നൽകി സ്ഥലം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പതിച്ചു കിട്ടി. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന് ചെലവായ തുക നൽകുന്നതിന് 8,50,000/- രൂപ വകയിരുത്തി ഈ വർഷം പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ നിർമ്മാണത്തിന് 2014-15 -ൽ നിലനിന്നിരുന്ന ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഇതിന്റെ വാല്യുവേഷൻ എത്രയാണെന്ന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.43 ബുധനൂർ ഗ്രാമ പഞ്ചായത്ത്

**ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2020-ലെ BDHNR/GP/P-134/20-ാം നമ്പർ കത്ത് (SRG - 511/20)**

*(i) പ്രോ.നം. 35/20 അടങ്കൽ 30,00,000/- രൂപ*

*പേര്:- പഠനമുറി നിർമ്മാണം*

2019 -20-ൽ പഠന മുറി നിർമ്മിക്കാനായി പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. 30 ഗുണഭോക്താക്കൾക്ക് പഠനമുറിക്കായി 1.00 ലക്ഷം രൂപ വീതം നൽകാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം 15 ആയി കുറയ്ക്കാനും ഒരു ഗുണഭോക്താവിന് 2.00 ലക്ഷം രൂപ വീതം നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകാനും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം 2.00 ലക്ഷം രൂപ ഒരു പഠന മുറിക്ക് അനുവദനീയമായതിനാൽ സാധൂകരണം നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

***(ii) പ്രോ.നം. 173/20 അടങ്കൽ 1,02,000/- രൂപ***

***പേര്:-മത്സ്യ വിപണനത്തിന് പാത്രം***

മുകളിൽ പറഞ്ഞ പ്രോജക്ടിലെ 34 ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തു വെങ്കിലും ഇവർ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ അല്ല. ഇവർക്ക് വിപണന പാത്രം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** രജിസ്റ്റേഡ് മത്സ്യതൊഴിലാളി/അനുബന്ധ മത്സ്യ തൊഴിലാളി സംഘത്തിലുള്ളവർക്ക് മുൻഗണ നൽകണ മെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

***(iii) പ്രോ.നം.172/20 അടങ്കൽ 1,00,000/- രൂപ***

***പേര്:-സൈക്കിളും ഐസ് ബോക്സും വാങ്ങൽ***

ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തുവെങ്കിലും ഗുണഭോക്താക്കൾ മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ അംഗമല്ല. തെരഞ്ഞെടുക്കപ്പെട്ട ഇവർക്ക് സൈക്കിളും ഐസ് ബോക്സും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** രജിസ്റ്റേഡ് മത്സ്യതൊഴിലാളി/അനുബന്ധ മത്സ്യ തൊഴിലാളികളായവർക്ക് മുൻഗണന നൽകണ മെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

***(iv) പ്രോ.നം. 138/21 അടങ്കൽ 1,50,000/- രൂപ***

***പേര്:-ലോട്ടറി തൊഴിലാളികൾക്ക് സൈക്കിൾ***

ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തുവെങ്കിലും ഗുണഭോക്താക്കൾ ലോട്ടറി തൊഴിലാളി ക്ഷേമനിധിയിൽ അംഗമല്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സൈക്കിൾ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി പരിഗണിച്ചില്ല.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു)

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
5 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്(പ്രതിനിധി)
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, നഗരകാര്യ വകുപ്പ്
8 ഗ്രാമവികസന കമ്മീഷണർ
9 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
10 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
11 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
14 ഡയറക്ടർ ജനറൽ, കില
15 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
16 ഡയറക്ടർ, പട്ടികജാതി വികസനം (പ്രതിനിധി)
17 ഡയറക്ടർ, പട്ടികവർഗ്ഗ വികസനം (പ്രതിനിധി)
18 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
19 മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.
20 ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്
21 ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്(പ്രതിനിധി)
22 ഡയറക്ടർ, ഐ.റ്റി. മിഷൻ(പ്രതിനിധി)
23 മെമ്പർ സെക്രട്ടറി i/c, കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്
24 പ്രോഗ്രാം കോഓർഡിനേറ്റർ ,കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്